തകർക്കാൻവേണ്ടി കേരളത്തിൽമാത്രം കൊണ്ടുവന്ന ഒരു പുതിയ കാര്യമല്ല മറ്റുള്ള രാജ്യങ്ങളിലും സംസ്ഥാനങ്ങളിലും നടപ്പാക്കുന്ന കാര്യങ്ങൾ നമ്മുടെ സംസ്ഥാനത്ത് വേണ്ട എന്ന് വാശിപിടിക്കുന്നതിൽ യാതൊരു അർത്ഥവുമില്ല. സബ്ജക്ട് കമ്മിറ്റിയിലും സഭയിലും കൊണ്ടുവന്ന, ഈ ബില്ലിന്റെ സ്പിരിറ്റിനെ ഹനിക്കാത്ത, പ്രതിപക്ഷത്തുനിന്നുവന്ന എല്ലാ ഭേദഗതികളും സ്വീകരിച്ചിട്ടുണ്ട്. ഇതിന്റെ സ്പിരിറ്റിന് എതിരായിട്ടുള്ള ഭേദഗതി സ്വീകരിക്കാൻ കഴിയില്ല. ഈ സാഹചര്യത്തിൽ ഈ ബില്ലിനെ എതിർക്കുന്നത് രാഷ്ട്രീയമായ ലക്ഷ്യങ്ങൾ വച്ചുകൊണ്ടുമാത്രമാണ്. നമ്മുടെ സംസ്ഥാനത്ത് ഇദംപ്രഥമമായി അക്കാഡമിക് ഓട്ടോണമിയുള്ള കോളേജുകൾ എന്ന പുതിയ കൺസെപ്റ്റ് വരുന്നതിനോടുള്ള എതിർപ്പ് മാത്രമാണ് പ്രതിപക്ഷം പ്രകടിപ്പിക്കുന്നത്. അല്ലാതെ ഇതിന്റെ സ്പിരിറ്റ് ഉൾക്കൊണ്ടുകൊണ്ടല്ല എന്നതുകൂടി ഞാൻ സൂചിപ്പിക്കുകയാണ്. ഈ ബിൽ പാസാക്കിത്തരണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

ഊർജ്ജ വകുപ്പുമന്ത്രി (ശ്രീ. ആര്യാടൻ മുഹമ്മദ്): സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

മി. ഡെപ്യൂട്ടി സ്പീക്കർ: 2014-ലെ സർവ്വകലാശാല നിയമങ്ങൾ (മൂന്നാം ഭേദഗതി) ബിൽ പാസാക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ.....

പ്രതികൂലിക്കുന്നവർ.....

പ്രമേയം സഭ അംഗീകരിച്ചിരിക്കുന്നു. ബിൽ പാസായിരിക്കുന്നു.

X അറിയിപ്പ്

ഭേദഗതികളും നിരാകരണപ്രമേയങ്ങളും നൽകുന്നതിനുള്ള സമയം

മി. ഡെപ്യൂട്ടി സ്പീക്കർ: ഒരു പ്രധാനപ്പെട്ട കാര്യം സഭയുടെ ശ്രദ്ധയിൽ കൊണ്ടുവരാനുണ്ട്. ഇന്ന് ചേർന്ന കാര്യോപദേശക സമിതിയുടെ യോഗത്തിലുണ്ടായ തീരുമാനമനുസരിച്ച് കേരള മത്സ്യ വിത്ത് ബിൽ, 2014-ലെ കേരള കടകളും വാണിജ്യ സ്ഥാപനങ്ങളും (ഭേദഗതി) ബിൽ എന്നീ രണ്ട് ബില്ലുകൾ സബ്ജക്ട് കമ്മിറ്റിക്ക് അയയ്ക്കണമെന്ന പ്രമേയമാണ് ഡിസംബർ 3-ാം തീയതി സഭയിൽ വരുന്നത്. അതിനുള്ള ഭേദഗതികൾ (നിരാകരണ പ്രമേയങ്ങളും സബ്ജക്ട് കമ്മിറ്റിക്ക് അയയ്ക്കണമെന്ന പ്രമേയത്തിനുള്ള ഭേദഗതിയും) നൽകുന്നതിന് നാളെ മൂന്ന് മണിവരെ സമയം ഉണ്ട്. അത് സഭയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.

LIBRARY ARCHIVES Kerala Legislative Assembly